പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 3301

18/02/2013 ൽ
മറുപടിക്ക്

## ഡോ. സുകുമാർ അഴീക്കോടിന്റെ ഭവനം സ്മാരകമായി സംരക്ഷിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) ഡോ. സുകുമാർ അഴീക്കോടിന്റെ തൃശ്ശൂരിനടുത്ത് പൂത്തൂരിലുള്ള വീടും സ്ഥലവും സ്മാരകമാക്കി സംരക്ഷിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചുവോ; നടപടി ക്രമങ്ങൾ ഏതുവരെയായെന്നും എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ? | (ബി) യശഃശ്ശരീരനായ ഡോ. സുകുമാർ അഴീക്കോടിന്റെ തൃശ്ശൂർ എരവി മംഗലത്തുള്ള വസതിയടക്കമുള്ള സ്ഥാവര ജംഗമ വസ്തുക്കൾ സർക്കാർ ഏറ്റെടുത്തു സംരക്ഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി തൃശ്ശൂർ ജില്ലാ കളക്ടർ, ഡോ. അഴിക്കോടിന്റെ നിയമപരമായ അവകാശികളുമായി ചർച്ച നടത്തുകയും സ്ഥാവര ജംഗമ വസ്തുക്കൾ സർക്കാരിലേക്ക് വിട്ടുകിട്ടുന്നതിന് 51,25,470/- രൂപ നഷ്ട പരിഹാരം അനുവദിക്കേണ്ടി വരുമെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ